കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ശീട്ട് സഹിതം)

നം.കെഎസ്എ/കെഎൻആർ/സി.7/2129/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001.

ഇ-മെയിൽ : lfaddistofficeknr@gmail.com

ഫോൺ : 0497 2707698.

തീയ്യതി : 01-02-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവ് കണക്കുകളടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത് രാജ്

നിയമം പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്</u>

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ വഴി)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

3. കാര്യാലയ പ്രതി.

നം.കെഎസ്എ/കെഎൻആർ/സി.7/2129/2016. തീയ്യതി : 01-02-2017.

## <u>കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ*

*പ്രകാരം പുറപ്പെടുവിക്കുന്നത്)*

## ആമുഖം

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് 01-04-2015 മുതൽ 18-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 19-11-2016 മുതൽ 30-11-2016 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനൂപ് കെ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.കെ. രമ്യ. | 01-04-2015മുതൽ31-10-2015വരെ |
| | | 12-12-2015 മുതൽ31-03-2016വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | 1) ശ്രീ. പത്മരാജൻ പി. ടി, സെക്രട്ടറി<br>2) ശ്രീമതി. ലീന എം.കെ. കൃഷി ഓഫീസർ | 01-11-2015 മുതൽ 11-12-2015 വരെ |

| | | |
|---|---|---|
| | 3) ശ്രീമതി. രജനി പി. വി.<br>ICDS സൂപ്പർവൈസർ | |
| സെക്രട്ടറി | ശ്രീ. ധനീഷ് പി. എം. | 01-04-2015<br>മുതൽ06-08-2015വരെ |
| | ശ്രീ. രത്നാകരൻ കെ. | 07-08-2015<br>മുതൽ17-09-2015വരെ |
| | ശ്രീ. ഭാസ്കരൻ കെ, അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല ) | 18-09-2015<br>മുതൽ30-09-2015വരെ |
| | ശ്രീ. പത്മരാജൻ പി. ടി | 01-10-2015 മുതൽ31-03-2016വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മോഹനൻ കെ. | 01-04-2015മുതൽ18-06-2015വരെ |
| | ശ്രീ. ജയരാജ് പി. | 19-06-2015മുതൽ31-03-2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അജിമോൾ.ഇ.കെ. | 01-04-2015മുതൽ16-04-2015വരെ |
| | ശ്രീമതി. ഷീന. | 17-04-2015മുതൽ22-04-2015വരെ |
| | ശ്രീമതി. ലീന എം.കെ. | 23-04-2015മുതൽ31-03-2016വരെ |
| വി.ഇ.ഒ. വടക്കുമ്പാട് | ശ്രീമതി. ബിഷ ടി.പി. | 01-04-2015മുതൽ31-03-2016വരെ |
| വി.ഇ.ഒ. എരഞ്ഞോളി | ശ്രീ. വിപിൻ ചന്ദ്ര വി. ബി. | 01-04-2015മുതൽ31-03-2016വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. രജനി പി. ഒ. | 01-04-2015മുതൽ31-03-2016വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഷൈന വി. പി. | 01-04-2015മുതൽ06-06-2015വരെ |
| | ഡോ. ബിജോയ് സി.പി. | 07-06-2015മുതൽ15-08-2015വരെ |
| | ഡോ. ഫഹദ് നിജിൽ | 16-08-2015മുതൽ31-03-2016വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. ഷീന. കെ.കെ.. | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്റിനറി സർജൻ | ഡോ. ദീപ. എ. | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഭാസ്കരൻ. കെ. | 1-4-2015 മുതൽ 31-3-2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. രമേശൻ. കെ. | 1-4-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | പരസ്യനികുതി ഈടാക്കുന്നില്ല | 2-1 |
| 12 | കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല | 2-2 |
| 13 | വാർഡ് അടിസ്ഥാനത്തിലുള്ള ട്രയിഡേഴ്സ് ലിസ്റ്റില്ല. മുഴുവൻ വ്യാപാരികളിൽനിന്നും തൊഴിൽനികുതി ഈടാക്കിയെന്നുറപ്പ് വരുത്തുന്നില്ല. | 2-3 |
| 14 | പുതുതായി നിലവിൽ വന്ന വാണിജ്യ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 2-4 |

| | | |
|---|---|---|
| 15 | കിൻഫ്ര പാർക്കിലെ മുഴുവൻ സ്ഥാപനങ്ങളും D&O ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 16 | ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വളർത്ത് നായകൾക്കും ലൈസൻസ് എടുക്കുന്നില്ല | 2-6 |
| 17 | ഇ ടെണ്ടർ - ടെണ്ടർ ഫോറം വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 2-7 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ₹24,836 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക് ലാപ് ടോപ്പ് - സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ₹81,600 തടസ്സപ്പെടുത്തുന്നു | 3-2 |
| 20 | ഹോമിയോ മരുന്നു ലഭിച്ചിട്ടില്ല ₹ 60,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 21 | വികലാംഗർക്കുള്ള മോട്ടോർ സൈക്കിൾ വിതരണം ₹4,350യുടെ ചെലവ് അംഗീകരിക്കുന്നില്ല.₹1,34,650 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 22 | എസ്.എസ്.എ. വിഹിതം – ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹3,50,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 23 | സ്ട്രീറ്റ് ലൈറ്റിനായി ലൈൻ വലിക്കൽ KSEB ക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല ₹23326 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| 24 | പത്താം തരം തുല്യതാ പഠനം - പരീക്ഷാ ഫീസ് ഒടുക്കൽ - അർഹത തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ₹ 19,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 |
| 25 | റോഡ് താറിംഗ് പ്രവർത്തികളിൽ ഒഴിഞ്ഞ ടാർ ബരലിന്റെ വില | 3-8 |

| | | |
|---|---|---|
| | ഈടാക്കി യതിൽ കുറവ് ഗ്രാമപഞ്ചായത്തിന് ₹62356 യും സർക്കാറിന് ₹9041 യും നഷ്ടം | |
| 26 | ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം | 3-9 |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 37 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2 |
| 38 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം3 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16-ലെ ബജറ്റ് 28-3-2015-ലെ 26/2015-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 29-2-2016-ലെ 26/2016(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരമുള്ളത് ₹ | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 7,42,147 | 36,81,207 | 2,43,32,445.28 | 20651238.28 | | +560.99 |
| വരവ് | 8,10,19,500 | 8,95,53,500 | 3,08,52,913 | | 58700587 | - 65.55 |
| ആകെ | 8,17,61,764 | 9,32,34,707 | 5,51,85,358.28 | | 38049348.72 | -40.81 |
| ചെലവ് | 8,04,70,500 | 9,24,47,775 | 3,94,72,368 | | 52975407 | -57 |
| നീക്കിയിരിപ്പ് | 12,91,174 | 7,86,932 | 1,57,12,990.28 | 14926058.28 | | +1896.74 |

ബജറ്റ്/പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ തമ്മിൽ ഭീമമായ തുകയുടെ അന്തരമുണ്ട്. വരും വർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 30-7-2016 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 29-11-2016 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യപത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ MGNREGS വരവു തുക മുഴുവനായും ഉൾപെടുത്തിയില്ല. (I6 ഷെഡ്യൂളിൽ EFMS തുക മാത്രമേ ഉൾപ്പെടുത്തിയുള്ളൂ)
3. വാർഷിക കണക്കുകൾക്കൊപ്പം Cash Flow Statement ഉൾപെടുത്തിയില്ല.
4. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
5. വർഷാവസാനം ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. 2014-15-ലെ ബാലൻസ് ഷീറ്റ് (B-15) പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക (തൻവർഷം + മുൻവർഷം) ₹2173592 യാണ്. 2015-16-ലെ RP 43 പ്രകാരമുള്ള കുടിശ്ശിക കലക്ഷൻ ₹325713 യാണ്. ഇവ തമ്മിലുള്ള വ്യത്യാസം 2015-16-ലെ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിലെ കുടിശ്ശിക തുകയുമായി പൊരുത്തപ്പെടുന്നില്ല.
7. ആസ്തി ബാധ്യതാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
8. വാർഷിക കണക്കുകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തുന്നില്ല.
9. ബ്ലോക്ക് വിഹിതമായി ലഭിച്ച ₹1,12,500 (ICDS-PR/MR scholarship) സുലേഖയിൽ ഉൾപ്പെടുത്തിയില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 2,43,32,445.28 |
| വരവ് | 3,08,52,913.00 |
| ആകെ | 5,51,85,358.28 |
| ചെലവ് | 3,94,72,368.00 |
| നീക്കിയിരിപ്പ് | 1,57,12,990.28 |

## 1-5 ഫണ്ട് വിനിയോഗം

എ) ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം

| ഫണ്ടിനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| വികസനഫണ്ട് (പൊതു വിഭാഗം) | 3044492 | 1249430<br>4712611 (TC) | 9006533 | 9006533 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 324647 | 565900 | 890547 | 890547 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2940242 | 4090283 | 7030525 | 7030525 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 862207 | 1845972 | 2708179 | 2708179 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 1279454 | 5588566 | 6868020 | 6868020 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 2056.89 | 3113918 | 3115974.89 | 3114750 | 1224.89 | 99.96 |
| ബി. ഫണ്ട് | 0 | 641320 | 641320 | 641320 | 0 | 100 |
| ലോക ബാങ്ക് സഹായം | 2352000 | 1970378 | 4322378 | 4322378 | 0 | 100 |

ബി) ബി4 ഷെഡ്യൂൾ പ്രകാരം വിനിയോഗിക്കാൻ ബിക്കിയുള്ള ഫണ്ടുകൾ ഇനിയും വിനിയോഗിക്കാത്ത പക്ഷം തിരിച്ചടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടാതണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 131 | 39561229 | 114 | 30363529 | 7 | 17 | 81.68 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 42,64,825 | 39,69,018 | (-)2,95,807 | (-)6.94 |
| നികുതിയേതര വരവുകൾ | 7,24,073 | 4,61,386 | (-)2,62,687 | (-)36.28 |
| മറ്റ് വരവുകൾ | 5,613 | 348 | (-)5,265 | (-) 93.80 |
| ആകെ | 49,94,511 | 44,30,752 | (-)5,63,759 | (-)11.29 |

## 1-8 ക്ഷേമപദ്ധതികൾ

2015-16 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40,320 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 14,41,530 | 202 |
| വിധവാ പെൻഷൻ | 79,79,760 | 883 |
| വാർദ്ധക്യകാല പെൻഷൻ | 103,94,370 | 1418 |
| വികലാംഗ പെൻഷൻ | 20,88,950 | 217 |
| അവിവാഹിത പെൻഷൻ | 32,19,840 | 342 |
| വിവാഹ ധനസഹായം | 5,70,000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2016 ന് 4.25 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 2,721 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-1-2008 മുതൽ 11-2-2008 വരെ | 2001-02 | 22-3-2008 |
| പെർഫോമൻസ് ഓഡിറ്റ് | 19-9-2016 മുതൽ 20-9-2016 വരെ | 8/2016 | 3-11-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പിൽ നിർദേശിച്ച പ്രകാരമുള്ള പരസ്യനികുതി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയിട്ടില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർവക സ്ഥലത്തോ, സ്വകാര്യസ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടെ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. പരസ്യനികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ വരവില്ല. കേരള പഞ്ചായത്ത് രാജ് നിയമം 256ാം വകുപ്പ് പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽനിന്ന് അംഗീകാരം വാങ്ങി പരസ്യനികുതി ഈടാക്കുവാനും അതുവഴി തനത്ഫണ്ട് വർധിപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പരസ്യനികുതി ഈടാക്കുന്നത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2008 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി 129 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ ഒരു കെട്ടിടം മാത്രമേ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുള്ളൂ. ബാക്കി വരുന്ന 128 കെട്ടിടങ്ങളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. 2013-14 വർഷത്തെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാർഡ് ക്ലർക്കുമാർ ഫീൽഡ് വിസിറ്റ് ചെയ്ത് വിവരശേഖരണം നടത്തി, ഒടുവിൽ നികുതി നിർണ്ണയിച്ചതിനു ശേഷം കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർത്ത ഏരിയയുടെ അധികനികുതി ഈടാക്കിയിട്ടുണ്ടെന്നും അതിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ ഉണ്ടോ എന്നു പരിശോധിച്ചു വരുന്നുണ്ടെന്നും ബന്ധപ്പെട്ട സെക്ഷൻ അറിയിക്കുകയുണ്ടായി. ആയതിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുനർനിർണ്ണയം നടത്തേണ്ടതും വസ്തുനികുതിയിനത്തിൽ വരുമാനച്ചോർച്ച ഉണ്ടായിട്ടില്ല എന്നുറപ്പു വരുത്തേണ്ടതാണ്.

## 2-3 വാർഡ് അടിസ്ഥാനത്തിലുള്ള ട്രയിഡേഴ്സ് ലിസ്റ്റില്ല - മുഴുവൻ വ്യാപാരികളിൽനിന്നും തൊഴിൽനികുതി ഈടാക്കിയെന്നുറപ്പ് വരുത്തുന്നില്ല.

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വ്യാപാരികളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അയതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ എത്ര വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. 2014-15 ൽ വ്യാപാരികളുടെ തൊഴിൽ നികുതിയിനത്തിൽ ₹1,68,190 വരവുണ്ട്. എന്നാൽ 2015-16 ൽ വരവ് തുക ₹ 1,45,230 മാത്രമാണ്. ₹22,960 യുടെ കുറവ് ഈ ഇനത്തിൽ വന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വ്യാപാരികളെ സംബന്ധിച്ചുള്ള കൃത്യമായ കണക്കില്ലാത്തത്കൊണ്ടാണ് തൊഴിൽ നികുതിയിനത്തിൽ ലഭിക്കേണ്ടുന്ന വരുമാനത്തിൽ കുറവുണ്ടാകുന്നത്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം നോട്ടീസ് നൽകി തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 2-4 പുതുതായി നിലവിൽ വന്ന വാണിജ്യ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

2015-16 വർഷം 16 വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടില്ല. പുതുതായി നിലവിൽ വന്ന വാണിജ്യ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 കിൻഫ്ര പാർക്കിലെ മുഴുവൻ സ്ഥാപനങ്ങളും D&O ലൈസൻസ്

## എടുക്കുന്നില്ല

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചവരുന്ന കിൻഫ്ര പാർക്കിൽ ആകെ 15 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ 13 സ്ഥാപനങ്ങൾ മാത്രമാണ് D&O ലൈസൻസ് എടുത്തിട്ടുള്ളത്. D&O ലൈസൻസ് എടുക്കാത്ത 2 സ്ഥാപനങ്ങൾ D&O ലൈസൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വളർത്ത് നായകൾക്കും ലൈസൻസ് എടുക്കുന്നില്ല

2015-16 വർഷം വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പേവിഷ നിയന്ത്രണം എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 24/16) വിവിധ കേന്ദ്രങ്ങളിൽ ആകെ 45വളർത്ത് നായകളെ വാക്സിനെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തെ വാർഷിക കണക്ക് പ്രകാരം വളർത്ത് നായകളുടെ ലൈസൻസിനത്തിൽ ₹90 മാത്രമാണ് വരവുള്ളത്. മേൽ പ്രോജക്ട് പ്രകാരമുള്ള 45 വളർത്തു നായകൾക്കും ലൈസൻസ് എടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ നിന്നും വാക്സിനെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ വളർത്ത് നായകളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | കേന്ദ്രങ്ങളുടെ പേര് | എണ്ണം |
|---|---|---|
| 1 | നവോദയ വായന ശാല | 8 |
| 2 | നെയ്യൻമുക്ക് | 11 |
| 3 | പെരുന്താറ്റിൽ സ്കൂൾ | 10 |
| 4 | വാടിയിൽ പീടിക | 20 |
| 5 | അരങ്ങേറ്റുപറമ്പ് | 4 |
| 6 | ചോനാടം വായനശാല | 5 |
| 7 | തച്ചോളിമുക്ക് | 8 |
| 8 | കുടകളം | 3 |
| 9 | ആർഷഭോഷിണി വായനശാല | 6 |
| 10 | ഐ.സി.ഡി.പി | 4 |
| 11 | കമ്മ്യൂണിറ്റി ഹാൾ | 9 |
| 12 | കണ്ണോളി സത്യന്റെ പീടിക | 6 |
| | ആകെ | 45 |

മുഴുവൻ വളർത്ത് നായകളുടെയും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-7 ഇ ടെണ്ടർ - ടെണ്ടർ ഫോറം വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പതിനൊന്ന് പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തിയത് ഇ ടെണ്ടർ മുഖേനയാണ്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ഇതുവരെയും ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറം വിലയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ ₹ |
|---|---|---|---|---|
| 1 | 76/16 | എരിക്കണ്ടി മുണ്ടോളി വയൽ റോഡ് ടാറിംഗ് | അസിസ്റ്റന്റ് എഞ്ചിനിയർ | 6,55,000 |
| 2 | 71/16 | വാടിയിൽ പീടിക നായനാർ റോഡ് പുനരുദ്ധാരണം | | 5,00,000 |
| 3 | 81/16 | ചിങ്ങൻമുക്ക് പാട്യം ക്ലബ്ബ് റോഡ് ടാറിംഗ് | | 6,65,000 |
| 4 | 60/16 | ചുങ്കം കടക്കുളം റോഡ് വീതികൂട്ടലും ഡ്രയിനേജും | | 13,58,000 |
| 5 | 70/16 | നിട്ടൂർ മഠം വാടിയിൽ പീടിക റോഡ് റീടാറിംഗ് | | 15,00,000 |
| 6 | 59/16 | ശ്മശാനം കുണ്ടുച്ചിറ റോഡ് പുനരുദ്ധാരണം | | 8,00,000 |
| 7 | 77/16 | ലക്കിസ്റ്റാർ ക്ലബ്ബ് റോഡ് ടാറിംഗ് | | 5,20,000 |
| 8 | 75/16 | ഇളയടത്ത് മുക്ക് മുള്ളൂർ റോഡ് റീടാറിംഗ് | | 8,75,000 |
| 9 | 80/16 | സാസ്കാരികനിലയം മോഡേൺമുക്ക് റോഡ് ടാറിംഗ് | | 5,30,000 |
| 10 | 82/16 | പൊഞ്ഞാടൻ നെട്ടങ്ങോട്ട്കാവ് വയൽ | | 9,85,000 |

| | | | | |
|---|---|---|---|---|
| | | റോഡ് പനരുദ്ധാരണം | | |
| 11 | 42/16 | പൈപ്പ് കമ്പോസ്റ്റ് | വി.ഇ.ഒ | 11,19,600 |
| 12 | 117/16 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | | 6,30,000 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ₹24,836യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

പ്രോജക്ട് നമ്പർ/ പേര് : 103/16 വൃദ്ധർ വികലാംഗർ തുടങ്ങിയവർക്ക് സഹായ ഉപകരണങ്ങൾ

അടങ്കൽ : ₹ 30,000 തനത് ഫണ്ട്

ചെലവ് തുക : ₹24,836

വൗച്ചർ നമ്പർ / തീയ്യതി : 21500853/22-3-16

വൃദ്ധർ വികലാംഗർ തുടങ്ങിയവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിനായി 22-3-2016ലെ 2777-)ം നമ്പർ ചെക്ക് പ്രകാരം ₹24,836 മെഡിക്കൽ ഓഫീസർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് 14/29-11-16 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് 31-11-16 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹24,836 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 പട്ടികജാതി വിദ്യാർത്ഥികൾക് ലാപ് ടോപ്പ് - സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ₹81,600 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ / പേര് : 118/16 പട്ടികജാതി വിദ്യാർത്ഥികൾക് ലാപ് ടോപ്പ്

അടങ്കൽ : ₹ 2,76,000 വികസന ഫണ്ട് എസ്. സി. പി

ചെലവ് തുക : ₹ 1,36,000

ബിൽ നമ്പർ : 3/15-16/17-3-2016

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസ/ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് അനുവദിക്കുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം ₹ 1,36,000 ചെലവഴിച്ചിട്ടുള്ളത്. കെൽട്രോണിൽ

നിന്നുള്ള 29-2-2016 ലെ ഇൻവോയ്സ് നമ്പർ ITBG/15-16/7984/ ITP/2703 പ്രകാരം അഞ്ച് ലാപ് ടോപ്പുകൾ (Acer aspire)വാങ്ങിയിട്ടുണ്ട്. 18-3-15 ലെ ജി.ഒ (സാ.ധാ) നമ്പർ 787/ 2015ത.സ്വ.ഭ.വ. പ്രകാരം പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ് കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾക്കും പോളിടെക്നിക്കുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും മാത്രമാണ് ലാപ്ടോപ്പുകൾ അനുവദിക്കേണ്ടത്. എന്നാൽ ബിരുദ കോഴ്സിനും, ഐ.ടി.ഐ സർടിഫിക്കറ്റ് കോഴ്സുകൾക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ. നമ്പർ | വിദ്യാർത്ഥികളുടെ പേര് | കോഴ്സ് | പഠിക്കുന്ന സ്ഥാപനം | ലാപ്ടോപ്പിന്റെ വില ₹ |
|---|---|---|---|---|
| 1 | ജസ്ന. സി. കെ. | ബി എ, ഇക്കണോമിക്സ് | നിർമലഗിരി കോളേജ്, കൂത്തുപറമ്പ് | 27,200 |
| 2 | ദീപ്ന. എം. | ബാച്ചിലർ ഓഫ് സോഷ്യൽ വെൽഫെയർ | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് | 27,200 |
| 3 | അഞ്ജിത. കെ. കെ. | സർടിഫിക്കറ്റ് കോഴ്സ് , (Autocad) | ഗവൺമെന്റ് ഐ,ടിഐ കണ്ണൂർ | 27,200 |
| | ആകെ | | | 81,600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/29.11.16 ന് നൽകിയ മറുപടി തൃപ്തികരമല്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ₹81,600 തടസ്സപ്പെടുത്തുന്നു. ഈ ചെലവിന് സാധൂകരണം ലഭിക്കുന്ന തരത്തിലുള്ള ഉത്തരവുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്.

## 3-3 ഹോമിയോ മരുന്നു ലഭിച്ചിട്ടില്ല ₹ 60,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ പിഎച്ച്സി

പ്രോജക്ട് നമ്പർ / പേര് : 94/16 ഹോമിയോമരുന്ന് വാങ്ങൽ

അടങ്കൽ : ₹ 60,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവഴിച്ച തുക : ₹ 60,000

ബിൽ നമ്പർ : 7/15-16/15-1-2016

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങുന്നതിന് വേണ്ടി KSHC ആലപ്പുഴയുടെ മാനേജരോട് 27-11-15 തീയ്യതിയിലെ 125/2015 നമ്പർ കത്ത് പ്രകാരം ₹ 60,000യുടെ മരുന്നിനുള്ള Proforma Invoice അയച്ച തരാൻ മെഡിക്കൽ ഓഫീസർ ആവശ്യപ്പെടുകയും ₹ 60,000 ഡി ഡി നമ്പർ 935993/16-1-16 പ്രകാരം KSHC ക്ക് നൽകുകയും ചെയ്തിട്ടുണ്ട് പ്രസ്തുത തുക റസീറ്റ് നമ്പർ 1141/6-2-16 പ്രകാരം KSHDC കൈപ്പറ്റിയിട്ടുണ്ട്. ഹോമിയോ

മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹോമിയോ മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹60,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വികലാംഗർക്കുള്ള മോട്ടോർ സൈക്കിൾ വിതരണം ₹4,350യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹1,34,650 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ പിഎച്ച്സി

പ്രോജക്ട് നമ്പർ / പേര് : 97/16 വികലാംഗർക്കുള്ള ട്രൈ മോട്ടോർ സൈക്കിൾ വിതരണം

അടങ്കൽ : ₹ 1,40,000 ധനകാര്യ കമ്മിഷൻ അവാർഡ്

: ₹ 5,000 തനത് ഫണ്ട്

ആകെ : ₹ 1,45,000

ചെലവ് തുക : ₹ 1,39,000

ബിൽ നമ്പർ : 6/15-16/15-16/15-01-16

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ വികലാംഗരായ ഗുണഭോക്താക്കൾക്ക് സഞ്ചരിക്കുന്നതിന് സൗകര്യം നൽകുന്നതിനു വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. അർഹതപ്പെട്ടവർക്ക് മോട്ടോർ സൈക്കിൾ വിതരണം ചെയ്യുന്നതിന് വേണ്ടി മെഡിക്കൽ ഓഫീസർ 19-3-16 ലെ 47/16 നമ്പർ കത്ത് പ്രകാരം ഡി.ഡി. നമ്പർ 935894/16-1-16 KELTRON മാനേജർക്ക് ₹1,39,000 നൽകിയതിന്റെ. അടിസ്ഥാനത്തിൽ ഇൻവോയ്സ് നമ്പർ PDD/R-0062M/29-2-16 പ്രകാരം കെൽട്രോൺ രണ്ട് Scooter MAHINDRA Rodeo UZO Model മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. മോട്ടോർ സൈക്കിൾ ഡ്രൈവിംഗ് ലൈസൻസ് ഉള്ള വ്യക്തികൾക്കല്ല വിതരണം ചെയ്തിട്ടുള്ളത്. ഇതുവരെയും അവർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുമില്ല. കെൽട്രോൺ കല്യാശേരിയുടെ മേൽനമ്പർ ഇൻവോയ്സിൽ വണ്ടിയുടെ വില, സൈഡ് വീൽ അറ്റാച്മെന്റ് ചാർജ്, വാറ്റ് എന്നിവക്കു പുറമെ Handling and Delivery charge എന്ന ഇനത്തിൽ ₹4,350നൽകിയിട്ടുണ്ട്. അനധികൃതമായി ഈടാക്കിയ ₹4,350യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹4,350 കെൽട്രോണിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. മോട്ടോർ സൈക്കിൾ ലഭിച്ചവർ ഇതുവരെയും ലൈസൻസ് എടുക്കാത്തതിനാൽ ₹1,34,650 (1,39,000-4,350 )യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.എസ്.എ വിഹിതം -ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹3,50,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 62/16

വകയിരുത്തിയ തുക : ₹ 3,50,200 വികസന ഫണ്ട്

ചെലവു തുക : ₹ 3,50,200

ബിൽ നമ്പർ/തീയ്യതി : 1/15-16/23-9-2015

എസ്.എസ്.എ. കണ്ണൂർ ജില്ലാ പ്രോജക്ട് ഓഫീസറുടെ വാർഷിക വർക്ക് പ്ലാൻ ബഡ്ജറ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച തുകയായ ₹3,50,200 മേൽ പ്രോജക്ട് പ്രകാരം ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക വർക്ക് പ്ലാൻ ബഡ്ജറ്റ് പ്രകാരം ഉദ്ദേശിച്ച പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗവിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 3/22.11.16 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹3,50,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 സ്ട്രീറ്റ് ലൈറ്റിനായി ലൈൻ വലിക്കൽ KSEB ക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല ₹23326 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : 38/16 സ്ട്രീറ്റ് ലൈറ്റിനായി ലൈൻ വലിക്കൽ

അടങ്കൽ : ₹ 23,326 തനത് ഫണ്ട്

ചെലവ് : ₹ 23,326

വൗച്ചർ നമ്പർ : 21500560/15-16/16-12-2015

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ 13-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റിനായി 214 മീറ്റർ വൈദ്യുതി ലൈൻ വലിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, തലശ്ശേരി സൗത്ത് എന്നവർക്ക് ₹ 23,326 നൽകിയിട്ടുണ്ട് എന്നാൽ മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് 16/30.11.16 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ലെന്ന വിവരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ആയതിനാൽ ₹23326 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 പത്താം തരം തുല്യതാ പഠനം . പരീക്ഷാ ഫീസ് ഒടുക്കൽ - അർഹത തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ₹ 19,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ / പേര് : 63/16 പത്താം തരം തുല്യതാ പഠനം

വകയിരുത്തിയ തുക : ₹ 30,000 വികസന ഫണ്ട്

ചെലവു തുക : ₹ 19,500

ബിൽ നമ്പർ/തീയ്യതി : 2/15-16/21-3-2016

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 6-10-2009 ലെ സർക്കുലർ നമ്പർ 48360/FM1/09പ്രകാരം പത്താം തരം തുല്യതാ പഠനവുമായി ബന്ധപ്പെട്ടുള്ള പഠിതാക്കളുടെ പരീക്ഷാ ഫീസ് ഒടുക്കുമ്പോൾ

അവർ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്നവരല്ലെന്നും പുരുഷന്മാരായ പഠിതാക്കൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരാണെന്നും ഉറപ്പ് വരുത്തേണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ ബിൽ പ്രകാരം സാക്ഷരതാമിഷന് ഫീസടച്ച 13പേരുടേയും അർഹത തെളിയിക്കുന്ന രേഖകളും പഠിതാക്കളുടെ ലിസ്റ്റും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ 4/22.11.16 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹ 19,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 റോഡ് താറിംഗ് പ്രവർത്തികളിൽ ഒഴിഞ്ഞ ടാർ ബരലിന്റെ വില ഈടാക്കിയില്ല - ഗ്രാമപഞ്ചായത്തിന് ₹ 62356 യും സർക്കാറിന് ₹ 9041 യും നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 വർഷം ഏറ്റെടുത്ത് നടത്തിയ വിവിധ റോഡ് താറിംഗ് പ്രവർത്തികളിൽ കരാറുകാരിൽ നിന്ന് ഒഴിഞ്ഞ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. SOR 2012, DSR 2014 എന്നിവ അനുസരിച്ച് ബാരലിന് 238+വാറ്റ്14.5% എന്നിങ്ങനെയാണ് തുക ഈടാക്കേണ്ടിയിരുന്നത്. എന്നാൽ മേൽ കാലയളവിൽ ടാർ ബരലിന്റെ വാറ്റുൾപ്പെടെയുള്ള വില ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിവരം | ഉപയോഗിച്ച ടാറിന്റെ അളവ് Kg | ബാരലു കളുടെ എണ്ണം | ബാരൽ വില | വാറ്റ് |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ : 71/16<br>വാടിയിൽ പീടിക നായനാർ റോഡ് പുനരുദ്ധാരണം<br>അടങ്കൽ : ₹ 4,50,000 മെയിന്റനൻസ് ഫണ്ട് റോഡ്<br>: ₹ 50,000 തനത് ഫണ്ട്<br>ആകെ : ₹ 5,00,000<br>ചെലവ് തുക : ₹4,31,396<br>ബിൽ നമ്പർ : 47/15-16/30-3-2016<br>എം ബുക്ക് : 29/15-16<br>കരാറുകാരൻ : MALCOS | 1829.43 | 12 | 2856 | 414 |
| 2 | പ്രോജക്ട് നമ്പർ : 76/16<br>എരിക്കണ്ടി മുണ്ടോളി വയൽ റോഡ് ടാറിംഗ്<br>അടങ്കൽ : ₹ 548954 ധനകാര്യ കമ്മിഷൻ | 1537 | 10 | 2380 | 345 |

| | | | | | |
|---|---|---|---|---|---|
| | അവാർഡ്<br><br>: ₹ 106046 തനത് ഫണ്ട്<br><br>ആകെ : ₹ 655000<br><br>ചെലവ് തുക :₹ 548954<br><br>:₹ 64660<br><br>ആകെ : ₹613614<br><br>ബിൽ നമ്പർ : 48/15-16/30-3-2016<br><br>എം ബുക്ക് : 23/15-16<br><br>കരാറുകാരൻ : ഭാസ്കരൻ. വി. | | | | |
| 3 | പ്രോജക്ട് നമ്പർ : 73/16<br><br>കടക്കളം റേഷൻ പീടിക തച്ചോളിമുക്ക് റോഡ് പുനരുദ്ധാരണം<br><br>അടങ്കൽ : ₹ 4,00,000 മെയിന്റനൻസ് ഫണ്ട് റോഡ്<br><br>: ₹ 50,000 തനത് ഫണ്ട്<br><br>ആകെ : ₹ 4,50,000<br><br>ചെലവ് തുക : ₹4,41,533<br><br>ബിൽ നമ്പർ : 45/15-16/26-3-2016<br><br>എം ബുക്ക് : 19/15-16<br><br>കരാറുകാരൻ : ഷാജികുമാർ. പി.എ. | 2538.78 | 17 | 4046 | 587 |
| 4 | പ്രോജക്ട് നമ്പർ : 81/16<br><br>ചിങ്ങൻമുക്ക് പാട്യം ക്ലബ്ബ് റോഡ് ടാറിംഗ്<br><br>അടങ്കൽ : ₹ 6,00,000 വികസന ഫണ്ട്<br><br>: ₹ 65000<br><br>ആകെ : ₹ 665000<br><br>ചെലവ് തുക : ₹ 600000<br><br>: ₹ 24213 | 1222 | 8 | 1904 | 276 |

| | | | | | |
|---|---|---|---|---|---|
| | ആകെ : ₹ 624213<br>ബിൽ നമ്പർ : 42/15-16/26-3-2016<br>എം ബുക്ക് : 26/15-16<br>കരാറുകാരൻ : MALCOS | | | | |
| 5 | പ്രോജക്റ്റ് നമ്പർ : 60/16<br>ചുങ്കം കടക്കുളം റോഡ് വീതികൂട്ടലും ഡ്രയിനേജും<br>അടങ്കൽ : ₹ 1296000 ലോകബാങ്ക് സഹായം<br>: ₹ 61330 ധനകാര്യ കമ്മിഷൻ അവാർഡ്<br>: ₹ 670 തനത് ഫണ്ട്<br>ആകെ : ₹ 13,58,000<br>ചെലവ് തുക : ₹12,87,134<br>ബിൽ നമ്പർ : 41/15-16/21-3-2016<br>എം ബുക്ക് : 18/15-16<br>കരാറുകാരൻ : വിനീഷ് കുമാർ. വി. എം. | 1437.60 | 10 | 2380 | 345 |
| 6 | പ്രോജക്റ്റ് നമ്പർ : 70/16<br>നിട്ടൂർ മഠം വാടിയിൽ പീടിക റോഡ് റീടാറിംഗ്<br>അടങ്കൽ : ₹ 1423615 മെയിന്റനൻസ് ഫണ്ട് റോഡ്<br>: ₹ 76385 തനത് ഫണ്ട്<br>ആകെ : ₹ 1500000<br>ചെലവ് തുക : ₹1411028<br>ബിൽ നമ്പർ : 40/15-16/21-3-2016<br>എം ബുക്ക് : 20/15-16<br>കരാറുകാരൻ : രഘൂത്തമൻ. കെ | 9489 | 61 | 14518 | 2105 |

| | | | | | |
|---|---|---|---|---|---|
| 7 | പ്രോജക്ട് നമ്പർ : 59/16<br>ശ്മശാനം കുണ്ടുച്ചിറ റോഡ് പുനരുദ്ധാരണം<br>അടങ്കൽ : ₹ 480000 ലോകബാങ്ക് സഹായം<br>: ₹ 251423 ധനകാര്യ കമ്മിഷൻ അവാർഡ്<br>: ₹ 68577 തനത് ഫണ്ട്<br>ആകെ : ₹ 800000<br>ചെലവ് തുക : ₹480000 ബിൽ:39/15-16 /21-3-2016<br>: ₹ 251423 ബിൽ:43/15-16/26-3-2016<br>: ₹ 24798<br>ആകെ : ₹ 756221<br>എം ബുക്ക് : 32/15-16<br>കരാറുകാരൻ : MALCOS | 4067 | 26 | 6188 | 897 |
| 8 | പ്രോജക്ട് നമ്പർ : 77/16<br>ലക്കിസ്റ്റാർ ക്ലബ്ബ് റോഡ് ടാറിംഗ്<br>അടങ്കൽ : ₹ 5,00,000 വികസന ഫണ്ട്<br>: ₹ 20000<br>ആകെ : ₹ 520000<br>ചെലവ് തുക : ₹500000 ബിൽ:34/15-16 /17-3-2016<br>: ₹ 17727<br>ആകെ : ₹ 517727<br>എം ബുക്ക് : 22/15-16<br>കരാറുകാരൻ : റീജിൻ. എം.എം. | 2927.29 | 19 | 4522 | 656 |
| 9 | പ്രോജക്ട് നമ്പർ : 75/16<br>ഇളയടത്ത് മുക്ക് മുള്ളൂർ റോഡ് റീടാറിംഗ് | 3651.66 | 24 | 5712 | 828 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ : ₹ 825000 മെയിന്റനൻസ് ഫണ്ട് റോഡ്<br><br>: ₹ 50000 തനത് ഫണ്ട്<br><br>ആകെ : ₹ 875000<br><br>ചെലവ് തുക : ₹825000 ബിൽ:33/15-16 /17-3-2016<br><br>: ₹ 47374<br><br>ആകെ : ₹ 872374<br><br>എം ബുക്ക് : 21/15-16<br><br>കരാറുകാരൻ : രഘൂത്തമൻ. കെ. | | | | |
| 10 | പ്രോജക്ട് നമ്പർ : 78/16<br><br>ലൈൻറൂം മാപ്പുര റോഡ് ടാറിംഗ്<br><br>അടങ്കൽ : ₹ 200000 ധനകാര്യ കമ്മീഷൻ അവാർഡ്<br><br>: ₹ 76000 തനത് ഫണ്ട്<br><br>ആകെ : ₹ 276000<br><br>ചെലവ് തുക : ₹200000 ബിൽ:35/15-16 /19-3-2016<br><br>: ₹73329<br><br>ആകെ : ₹273329<br><br>എം ബുക്ക് : 9/15-16<br><br>കരാറുകാരൻ : യു. എം. രാജീവൻ | 1537.38 | 10 | 2380 | 345 |
| 11 | പ്രോജക്ട് നമ്പർ : 80/16<br><br>സാസ്കാരികനിലയം മോഡേൺമുക്ക് റോഡ് ടാറിംഗ്<br><br>അടങ്കൽ : ₹ 530000 വികസന ഫണ്ട്<br><br>ചെലവ് തുക : ₹526863<br><br>ബിൽ നമ്പർ : 59/15-16/31-3-2016 | 2961.48 | 19 | 4522 | 656 |

| | | | | | |
|---|---|---|---|---|---|
| | എം ബുക്ക് : 39/15-16<br>കരാറുകാരൻ : അശോകൻ. ടി. | | | | |
| 12 | പ്രോജക്ട് നമ്പർ : 45/16<br>കാരാട്ട്കുന്ന് കോമത്ത് താഴെ റോഡ് ടാറിംഗ്<br>അടങ്കൽ : ₹ 277000 ധനകാര്യ കമ്മിഷൻ അവാർഡ്<br>: ₹ 43000 തനത് ഫണ്ട്<br>ആകെ : ₹ 320000<br>ചെലവ് തുക : ₹ 277000ബിൽ: 58/15-16 /30-3-2016<br>: ₹ 6898<br>ആകെ : ₹ 283898<br>എം ബുക്ക് : 24/15-16<br>കരാറുകാരൻ : കെ.സി. ദിജീഷ് കുമാർ | 1514.51 | 10 | 2380 | 345 |
| 13 | പ്രോജക്ട് നമ്പർ : 82/16<br>പൊഞ്ഞാടൻ നെട്ടങ്ങോട്ട്കാവ് വയൽ റോഡ് പുനരുദ്ധാരണം<br>അടങ്കൽ : ₹ 900000 മെയിന്റനൻസ് ഫണ്ട് റോഡ്<br>: ₹ 85000<br>ആകെ : ₹ 985000<br>ചെലവ് തുക : ₹900000 ബിൽ:51/15-16 /30-3-2016<br>: ₹ 47818<br>ആകെ : ₹ 947818<br>എം ബുക്ക് : 37/15-16<br>കരാറുകാരൻ : വിനീഷ് കുമാർ. വി. എം. | 5643.63 | 36 | 8568 | 1242 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | 262 | 62356 | 9041 |

മേൽ പട്ടികയിൽ പറയും പ്രകാരം താർ ബാരൽ വില ഇനത്തിൽ ആകെ ₹62356യും വാറ്റ് ഇനത്തിൽ ആകെ ₹9041യും ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ അല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി അതാത് ശീർഷകത്തിലും വാറ്റ് തുക സർക്കാരിലേക്കും ഒടുക്കേണ്ടതാണ്.

## 3-9 ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

വിവിധയിനം ക്ഷേമപെൻഷനുകൾക്കായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ ദീർഘമായ കാലതാമസം വന്നിട്ടുണ്ട്. അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നീ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിന്മേൽ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. അവിവാഹിത പെൻഷൻ

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ നമ്പർ തീയ്യതി | തീരുമാന മെടുത്ത തീയ്യതി |
|---|---|---|---|
| 1 | സൂലോചന ടി, കുനിയിൽ ഹൗസ് | 2968/15<br>7-07-2015 | 16-12-15 |
| 2 | വസുമതി കെ, കുണ്ടാഞ്ചേരി ഹൗസ്, എരഞ്ഞോളി | 4279/15<br>5-10-2015 | 29-06-16 |
| 3 | അംബുജാക്ഷി എൻ, ചാലിൽ ഹൗസ്, വായിയിൽ പീടിക | 4280/15<br>05-10-2015 | 29-06-16 |
| 4 | നിർമ്മല ടി, മൊട്ടേമ്മൽ | 4377/15<br>9-10-2015 | 29-06-16 |
| 5 | ജയ സി.എം, അഭിഷേക്, വാടിയിൽ പീടീക | 4961/15<br>2-12-2015 | 29-06-16 |
| 6 | നളിനി സി, സുധ ഭവൻ, വടക്കുമ്പാട് | 460/16<br>01-02-2016 | 29-06-16 |

2. വികലാംഗ പെൻഷൻ

വികലാംഗ പെൻഷൻ അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 60ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്

| ക്രമ നമ്പർ | അപേക്ഷകന്റെപേര് | അപേക്ഷ നമ്പർ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | പി.കെ.ചിത്രാപതി, മീത്തലെകണ്ടി പറമ്പിൽ, എരഞ്ഞോളി | 1601/15<br>7-04-2015 | 14-07-15 |
| 2 | സുബീഷ് കെ.കെ, എരഞ്ഞോളി | 1717/15<br>10-04-2015 | 14-07-15 |
| 3 | ശ്രീലക്ഷ്മി എസ്.ബി, സുരഭി, പെരുന്താറ്റിൽ | 2396/15<br>2-06-2015 | 16-12-15 |
| 4 | രതീശൻ പി.വി, സന്നിധി, പെരുന്താറ്റിൽ | 2397/15<br>2-06-2015 | 16-12-15 |
| 5 | സത്യൻ എ.കെ, വാടിയിൽ പീടിക | 2474/15<br>6-6-2015 | 16-12-15 |
| 6 | അശ്വിനി എം.കെ, കൃഷ്ണാലയം, ഉമ്മൻചിറ | 673/16<br>5-02-2016 | 06/06/16 |

3. വിധവാ പെൻഷൻ

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ നമ്പർ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | സരോജിനി എം.സി, ശ്രീരാഗം, ഉമ്മൻചിറ പി.ഒ | 2433/15<br>4-06-15 | 16-12-15 |
| 2 | വൽസല കെ, ശ്രീവത്സം, ഉമ്മൻചിറ | 2478/15<br>06-06-15 | 16-12-15 |
| 3 | സുഹറ സി, ബൈത്തുൽ ഹുദ, വടക്കുമ്പാട് പി.ഒ | 2490/15<br>8-06-15 | 16-12-15 |
| 4 | കെ.അജിത, മൂർക്കോത്ത്, വടക്കുംഭാഗം | 3565/15 | 12/01/16 |

| | | | |
|---|---|---|---|
| | | 7-08-15 | |
| 5 | രോഹിണി.കെട്ടുമ്മൽ | 1224/16<br>1-03-16 | 06/06/16 |
| 6 | കദീസു കെ.കെ, മീത്തൽ മാണിക്കോത്ത്, ഉമ്മൻചിറ | 1264/16<br>2-3-16 | 06/06/16 |

4.വാർദ്ധക്യകാലപെൻഷൻ

| ക്രമ നമ്പർ' | അപേക്ഷകന്റെ പേര് | അപേക്ഷനമ്പർ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | രവീന്ദ്രൻ കെ, കേളോത്ത് ഹൗസ്, വടക്കുമ്പാട് പി ഒ | 2345/15<br>1-06-15 | 16-12-15 |
| 2 | ഗംഗാധരൻ എം, ശ്രീഗണേഷ്, എരഞ്ഞോളി ചുങ്കം | 2346/15<br>01-06-15 | 16-12-15 |
| 3 | ശാന്ത പി, മഠത്തിൽ ഹൗസ്, ഉമ്മൻചിറ | 2347/15<br>1-06-15 | 16-12-15 |
| 4 | പി.കെ കല്യാണി അമ്മ, ശ്രീരാഗം | 3566/15<br>07-08-15 | 16-12-15 |
| 5 | ദാമോദരൻ കെ.സി, ഉമ്മൻചിറ | 3579/15<br>10-8-15 | 06/06/16 |

വാർദ്ധക്യകാല പെൻഷൻ രജിസ്റ്റർ പൂർണ്ണമല്ല.

ക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനമെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രാജക്ട് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കി യിരിപ്പ് ₹ |
|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക് | 1,00,000 | 65/16 | 1,00,000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | സാന്ത്വനം | | |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 1,00,000 | | 1,00,000 | 0 |
| | 2,00,000 | 128/16<br>എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 1,57,261 | 42,739 |
| | 1,12,500 | 17/16<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,12,500 | 0 |

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ലഭിച്ച തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ | തുക | ക്രമീകരിച്ച തുക | ബാക്കി |
|---|---|---|---|---|---|
| സ്ട്രീറ്റ് ലൈറ്റിനായി ലൈൻ വലിക്കൽ | KSEB | 21500560<br>16-12-2015 | 23326 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച പരാമർശം ഖണ്ഡിക 3-6 ൽ ചേർത്തിട്ടുണ്ട്. വിനിയോഗം വ്യക്തമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 പദ്ധതി വിഹിതം | 5.7 | 2003-04 | 3-13-16 ന് ശേഷമുള്ള മറ്റ് പരാമർശങ്ങൾ | 3-13-16 ശുദ്ധജല വിതരണ പദ്ധതി സ്ഥലമെടുപ്പ് | പരാമർശം നിലനിൽക്കുന്നു |
| 208-09 | 3.2 | 2011-12 | 2-6 ക്രമ നമ്പർ 24 | അനർട്ടിലെ നിക്ഷേപം | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 3,08,52,913 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 3,94,72,368 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 66,706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 6,94,112 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 4,350 | ഡോ. ഫഹദ് നിജിൽ, മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| 3-8 | 62,356 | ശ്രീ ജയരാജ്.പി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 66,706 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 24,836 | മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| 3-2 | 81,600 | ശ്രീ ഭാസ്കരൻ.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 60,000 | ഡോ. ഫഹദ് നിജിൽ, മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| 3-4 | 1,34,650 | ഡോ. ഫഹദ് നിജിൽ, മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| 3-5 | 3,50,200 | ശ്രീ രമേശൻ.കെ, ഹെഡ് മാസ്റ്റർ |
| 3-6 | 23,326 | ശ്രീ പത്മരാജൻ.പി.ടി, സെക്രട്ടറി |
| 3-7 | 19,500 | ശ്രീ രമേശൻ.കെ, ഹെഡ് മാസ്റ്റർ |
| ആകെ | 6,94,112 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 9,041 | ശ്രീ ജയരാജ്.പി, അസിസ്റ്റന്റ് എഞ്ചിനിയർ |

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ഫഹദ് നിജിൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, എരഞ്ഞോളി | ഹനം, നിയർ ജുമാ മസ്ജിദ്, കതിരൂർ, തലശ്ശേരി, കണ്ണൂർ. |
| ജയരാജ്.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എരേഞ്ഞാളി | പൗർണ്ണമി, വളവിൽ പീടിക, പി.ഒ.മാമ്പ – 670611. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93,93-94 | എൽ.എഫ്./സി.8/1423/2014(1)തീ.5-12-2014 | 5 |
| 1996-97 | എൽ.എഫ്./സി.8/1423/2014((എ )സംക്ഷിപ്ത വിവരം) തീ.5-12-2014 | 4 |
| 1999-00 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(3)തീ.5-12-2014 | 3 |
| 1999-00 പ.വി. | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(4)തീ.5-12-2014 | 8 |
| 2001-02പ.വി. | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(5)തീ.5-12-2014 | 5 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(6)തീ.5-12-2014 | 14 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(7)തീ.5-12-2014 | 14 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(8)തീ.5-12-2014 | 4 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(9)തീ.5-12-2014 | 10 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി.2 /973/09തീ.18-9-2010 | 7 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(10)തീ.5-12-2014 | 13 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/സി.2 /57/11തീ.18-12-2011 | 16 |
| 2009-10<br>2010-11<br>2011-12 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1/13തീ.10-4-2013 | 46 |
| 2012-13 | എൽ.എഫ്.കെ.എൻ.ആർ/സി.8 /379/2015തീ.8-5-2015 | 9 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1424 /16തീ.3-8-2016 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ/കെ.എൻ.ആർ/സി7-2129 /2016.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001.

ഫോൺ: 0497 2707698.

ഇ-മെയിൽ: lfaddistofficeknr@gmail.com


തീയ്യതി: 01-02-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No. KSA/KNR/C7-2129/2017.

Kerala State Audit Department,

District Audit Office, Kannur-670001.

Phone: 90497 2707698.

E-Mail:lfaddistofficeknr@gmail.com

Date: 01-02-2017.

Certified that I have audited the Annual Financial Statement of Eranholi Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Eranholi Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.

# അനുബന്ധം-2

# RECEIPT AND PAYMENT STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 24300693.28<br>31752.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1559718.00 |
| 140000000 | Fees & User Charges | RP-4 | 312813.00 |
| 150000000 | Sale & Hire Charges | RP-5 | 58000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8151611.00 |
| 171000000 | Interest Earned | RP-9 | 71603.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17830967.00 |
| 350000000 | Other Liabilities | RP-36 | 115431.00 |
| Non Operating | | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 884.00 |
| 311000000 | Earmarked Funds | RP-29 | 718.00 |
| 340000000 | Deposits Received | RP-34 | 48500.00 |
| 350000000 | Other Liabilities | RP-36 | 274398.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2428270.00 |
| Grand Total | | | 55185358.28 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1388332.00 |
| 220000000 | Administrative Expenses | RP-12 | 505632.00 |
| 230000000 | Operations & Maintenance | RP-13 | 885062.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2693510.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 5786478.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1092948.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 656643.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 687271.00 |
| 255000000 | Maintance Projects | RP-20 | 8564846.00 |
| 256000000 | Other Revenue Grants & Funds- Revenue Expenses | RP-21 | 85400.00 |
| 260000000 | Grants, Contributions & Compensations from Own Fund | RP-22 | 246810.00 |
| 280000000 | Prior Perid Items | RP-26 | 246165.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 276236.00 |
| 350000000 | Othes Liabilities | RP-36 | 3212716.00 |
| Non Operating | | | |
| 340000000 | Deposits Received | RP-34 | 56500.00 |
| 350000000 | Other Liabilities | RP-36 | 1387383.00 |
| 410000000 | Fixed Assets | RP-38 | 5573322.00 |
| 412000000 | Capital Work in Progress | RP-40 | 5935514.00 |
| 460000000 | Loans, Advances and Deposits | RP-47 | 191600.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 15634334.28<br>78656.00 |
| Grand Total | | | 55185358.28 |

## അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4218673.00 |
| 130000000 | Rental Income from panchayat properties | I-3 | |
| 140000000 | Fees & User Charges | I-4(b) | 354453.00 |
| 150000000 | Sale & Hire Charges | I-5(b) | 58000.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 32147106.00 |
| 171000000 | Interest Earned | I-8 | 71603.00 |
| 180000000 | Other Income | I-9 | 884.00 |
| A | Total Income | | |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6216781.00 |
| 220000000 | Administrative Expenses | I-11(b) | 505632.00 |
| 230000000 | Operations & Maintenance | I-12(b) | 885062.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 4354813.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 7113841.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1092948.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 2229884.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 687271.00 |
| 255000000 | Maintance Projects | I-14(e) | 8564846.00 |
| 256000000 | Other Revenue Grants & Funds- Revenue Expenses | I-15(a) | 85400.00 |
| 260000000 | Grants,Contributions&Compensations from OwnFund | I-15 | 246810.00 |
| 272000000 | Depreciation | I-17(a) | 653290.00 |
| B | Total Expenditure | | 32636578.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 4214141.00 |
| D= 280000000 | Prior Period Item | I-18 | (403114.00) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 4617255.00 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-4

# BALANCE SHEET OF ERANHOLI GRAMA PANCHAYAT AS ON 31-3-2016

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്

| Code No | Description of Items | Schedule | Amount ₹ |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 16582754.19 |
| 311000000 | Earmarked Funds | B-2 | 36524.00 |
| 312000000 | Reserves | B-3 | 23624239.00 |
| | Total Reserve & Surplus | | 40243517.19 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1998229.09 |
| | Total Grants,Contribution for specific purposes | | 1998229.09 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 816130.00 |
| 350000000 | Other Liabilities | B-9 | 1200163.00 |
| | Total Current Liabilities and Provisions | | 2016293.00 |
| | TOTAL LIABILITIES | | 44258039.28 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 27545325.00 |
| 411000000 | Accumulated Depreciation | B-11 | (2791481.00) |
| 412000000 | Capital Work In Progress | B-11(a) | 69474.00 |
| | Total Fixed Assets | | 24823318.00 |
| | Investments | | |
| 420000000 | Investments | B-12 | 0.00 |
| | Total investments | | 0.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3002931.00 |
| 450000000 | Cash and Bank balance | B-17 | 15712990.00 |
| 460000000 | Loans, Advances and Deposits | B-18 | 718800.00 |
| | Total Current Assets,Loans and Advances | | 19434721.28 |
| | TOTAL ASSETS | | 44258039.28 |